I ഇ.ബി. XV - കേരള നിയമസഭ/XI-11

# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂൺ 28, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: ഖാദി ബോർഡ് വൈസ് ചെയർമാൻ അടക്കമുള്ളവർക്കെതിരെയുള്ള വെളിപ്പെടുത്തൽ സംബന്ധിച്ചാണ് റൂൾ 50 പ്രകാരം നോട്ടീസ് ലഭിച്ചിട്ടുള്ളത്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണം - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്):

ചട്ടം 52 (5) പ്രകാരം ഉപക്ഷേപത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനുള്ള നോട്ടീസ് അഭ്യൂഹങ്ങളുടെയും വ്യാജോക്തികളുടെയും അടിസ്ഥാനത്തിലുള്ളതും ആരോപണവും അപകീർത്തികരമായ പ്രസ്താവനയും അടങ്ങിയതുമാണ്. അതുകൊണ്ട് ഈ നോട്ടീസ് പരിഗണനയ്ക്കെടുക്കാൻ പാടില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. സണ്ണി ജോസഫും മറ്റ് അംഗങ്ങളും ചേർന്ന് ഇന്ന് ഇവിടെ നൽകിയിട്ടുള്ള നോട്ടീസിൽ ഖാദി ബോർഡ് വൈസ് ചെയർമാന്റെ ഔദ്യോഗിക നിലയിലോ പൊതുകാര്യനിലയിലോ അല്ലാതെയുള്ള നടപടികളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ചട്ടം 52 (5) പ്രകാരം നോട്ടീസ് നിരസിച്ചിരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, ഡോ. എം. കെ. മുനീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ

എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) സംസ്ഥാന-ജില്ലാ നിർമ്മിതികേന്ദ്രങ്ങളുടെ ഏകോപനം

ശ്രീ. ജി. സ്റ്റീഫൻ: സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഒരു ഏകസ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പരിസ്ഥിതി സൗഹൃദവും ചെലവുകുറഞ്ഞതുമായ ഭവനനിർമ്മാണ സാങ്കേതികവിദ്യയും ഗവേഷണവും പ്രചാരണവും പ്രധാന കർമ്മമേഖലയാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. ഈ സ്ഥാപനത്തിന് തിരുവനന്തപുരം മുതൽ വയനാടുവരെയുള്ള ജില്ലകളിലായി 14 റീജിയണൽ സെന്ററുകളാണുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ അതത് ജില്ലകൾ പ്രവർത്തനമേഖലയാക്കി വെവ്വേറെ ബൈലോ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ഭരണനിയമാവലി എന്നിവ പ്രകാരം വിവിധ കാലഘട്ടങ്ങളിൽ വിവിധ ചാരിറ്റബിൾ സൊസൈറ്റികളായിട്ടാണ് രജിസ്റ്റർ

ചെയ്തിരിക്കുന്നത്. ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഭരണപരമായ കാര്യങ്ങളിലും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലും സർക്കാർ തലത്തിലാണ് അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെയും സ്റ്റാഫ് പാറ്റേണുകൾ തമ്മിൽ വലിയ അന്തരമുണ്ട്. പല ജില്ലാ നിർമ്മിതി കേന്ദ്രങ്ങളും അവരുടെ തസ്തികകളുടെ പേര് പി.ഡബ്ള്യു.ഡി.-ക്ക് തുല്യമായി നിലനിർത്തുമ്പോൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം അതിന്റെ തനത് പേരുകളും ശമ്പളസ്കെയിലുമാണ് നൽകിയിരിക്കുന്നത്. സംസ്ഥാന-ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി വിഭാഗത്തെയോ ഒരു ഏജൻസിയെയോ ചുമതലപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(2) കാരുണ്യ പദ്ധതി വിപുലീകരണം

ശ്രീ. എ. കെ. എം. അഷ്റഫ്: എല്ലാ ദുർബല വിഭാഗത്തിൽപ്പെട്ടവരെയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾക്കുള്ള കുടിശ്ശിക

കൊടുത്തുതീർക്കുന്നതിനും കർണ്ണാടക സംസ്ഥാനത്തിലെ മംഗലാപുരത്തെ ആശുപത്രികളെക്കൂടി പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2021-22-ൽ നടപ്പിലാക്കിയ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) പ്രകാരം ഓരോ വർഷവും 1600 കോടി രൂപയാണ് സൗജന്യ ചികിത്സയ്ക്കുവേണ്ടി ചെലവഴിക്കുന്നത്. കൂടുതൽപേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തിയെങ്കിലും കേന്ദ്രസർക്കാർ അതിനനുകൂലമായ സമീപനം സ്വീകരിച്ചില്ല. നിലവിൽ കേരളത്തിന് പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന എൻഡോസൾഫാൻ ഇരകൾക്ക് സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിൽനിന്നും പണം അനുവദിക്കുന്ന രീതി തുടർന്നുവരികയാണ്. കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ മംഗലാപുരത്തെ ഏനപ്പൊയ മെഡിക്കൽ കോളേജ് ആശുപത്രികൂടി ഉൾപ്പെടുന്നു. കാസ്പിന്റെ കാർഡ് ഹോൾഡേഴ്സിന് കർണ്ണാടക സംസ്ഥാനത്തുമാത്രമല്ല ഇന്ത്യയിലെവിടെയും എംപാനൽ ചെയ്ത ആശുപത്രികളിൽ അവരുടെ പാക്കേജ് പ്രകാരം ചികിത്സ തേടാൻ സാധിക്കും. ഈ സാമ്പത്തിക വർഷം

ഈ പദ്ധതിക്കായി 444 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കാരുണ്യ ഫാർമസിയുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ. വാങ്ങുന്ന തുകയ്ക്കുതന്നെ കാൻസർ മരുന്നുകൾ വിറ്റഴിക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു പ്രത്യേക സംവിധാനം (സീറോ പ്രോഫിറ്റ് കാൻസർ ഡ്രഗ്സ് സെയിൽസ്) പതിനാല് ജില്ലകളിലെയും കാരുണ്യ ഫാർമസികളിൽ ആരംഭിക്കാൻ പോകുകയാണ്.

## III സബ്മിഷൻ

(1) <u>പാമ്പാടിയിൽ സ്മാർട്ട് വില്ലേജ് ഓഫീസ്</u>

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: പാമ്പാടി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): 2022-23 സാമ്പത്തിക വർഷത്തിൽ കേരള സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടത്തിനായി പാമ്പാടി വില്ലേജ് ഓഫീസിനെ തിരഞ്ഞെടുക്കുകയും 17-3-2024-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവുപ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തു. പാമ്പാടി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിച്ച് ചുരുങ്ങിയ

കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ എല്ലാവിധ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(2) പൊന്നാനിയിലെ കടലാക്രമണം

ശ്രീ. പി. നന്ദകുമാർ: പൊന്നാനി മുനിസിപ്പാലിറ്റിയിലെയും വെളിയങ്കോട് പഞ്ചായത്തിലെയും വിവിധ പ്രദേശങ്ങളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണം തടയുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കടലാക്രമണം രൂക്ഷമാകുന്ന പൊന്നാനി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലുള്ള ആളുകളെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പൊന്നാനി മരക്കടവ് പ്രദേശത്തെ കടൽഭിത്തി നിർമ്മാണം 170 മീറ്ററോളം പൂർത്തീകരിച്ചിട്ടുണ്ട്. പെരുമ്പടപ്പ് അജ്മീർ നഗർ പ്രദേശത്ത് ജിയോ ബാഗ് ഉപയോഗിച്ച് 90 മീറ്റർ അടിയന്തര പ്രവൃത്തി ചെയ്യുന്നതിന് മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. വെളിയങ്കോട് തണ്ണിത്തുറയിലെ ഹാച്ചറി കെട്ടിടം സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. എം.ഇ.എസ്. കോളേജിന് പുറകുവശത്തെ

മുറിഞ്ഞഴി പ്രദേശം കേരളത്തിലെ കടലാക്രമണത്തിന്റെ ഹോട്ട്സ്പോട്ട് മേഖലകളിൽ ഒന്നായി കണ്ടെത്തിയിട്ടുള്ളതിനാൽ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ (എൻ.സി.സി.ആർ.) പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കടലാക്രമണവുമായി ബന്ധപ്പെട്ട് ഒമ്പത് തീരദേശ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപ വീതം അനുവദിച്ചിരുന്നുവെങ്കിലും കടലാക്രമണം വീണ്ടും ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ അധികമായി 25 ലക്ഷം രൂപ കൂടി അനുവദിക്കുകയാണ്.

(3) <u>തൊടിയൂർ-ആറാട്ടുകടവ് കനാൽ സംരക്ഷണം</u>

<u>ശ്രീ. എം. എസ്. അരുൺകുമാർ</u>: തൊടിയൂർ ആറാട്ടുകടവ് കനാലിന്റെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടാതിരിക്കുന്നതിനായി ആഴവും വീതിയും കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): തൊടിയൂർ-ആറാട്ടുകടവ് കനാലിന് ശരാശരി എട്ടു മീറ്ററിൽ കൂടുതൽ വീതിയുണ്ടെങ്കിലും നിലവിൽ മണ്ണും പോളയും നിറഞ്ഞ് കരകവിഞ്ഞൊഴുകുന്ന അവസ്ഥയാണുള്ളത്. പാലങ്ങളുടെ അടിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന

പോള നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നുവരുന്നു. കനാലിന്റെ സംരക്ഷണ പ്രവൃത്തികൾക്കായി ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

(4) അരൂർ-തുറവൂർ റോഡിലെ യാത്രാദുരിതത്തിന് പരിഹാരം

ശ്രീമതി ദെലീമ: ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് അരൂർ-തുറവൂർ റോഡിലുണ്ടാകുന്ന യാത്രാദുരിതം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അരൂർ മുതൽ തുറവൂർ വരെയുള്ള ഭാഗത്ത് ആറുവരിപ്പാതയുടെ ഫ്ലൈ ഓവർ നിർമ്മാണം പുരോഗമിക്കുന്നതിനിടയിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെടുകയും ദേശീയപാത അതോറിറ്റിയോട് അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ഗൗരവമായി ചർച്ച ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ദേശീയ പാത അതോറിറ്റിയുമായി ഒരു പ്രത്യേക യോഗം ചേരുന്ന കാര്യവും ആലോചിക്കുന്നുണ്ട്.

(5) കോവളത്തെ റോഡുകൾ റീ-ടാർ ചെയ്യുന്നതിന് നടപടി

ശ്രീ. എം. വിൻസെന്റ്: കോവളം നിയോജക മണ്ഡലത്തിലെ ഉച്ചക്കട, കോട്ടുകാൽ പഞ്ചായത്തിലെ അടിമലത്തുറ പ്രദേശത്തെ റോഡുകളിലുണ്ടാകുന്ന വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന് പി.ഡബ്ല്യൂ.ഡി റോഡിൽ ഓട നിർമ്മിക്കുന്നതിനും ടാർ ചെയ്ത് പത്തു വർഷം കഴിഞ്ഞ് ശോചനീയാവസ്ഥയിലായ വിവിധ റോഡുകൾ റീ-ടാർ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അടിമലത്തുറയിലെ വെള്ളക്കെട്ടിന് പരിഹാരം കാണാൻ പി.ഡബ്ല്യൂ.ഡി. റോഡിൽ ഓട നിർമ്മിക്കുന്നത് പരിശോധിക്കാനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്. സ്വകാര്യ വ്യക്തിയുടെ ഭൂമിയിലായിരുന്ന ഉച്ചക്കട ജംഗ്ഷനിലെ കലുങ്കിന്റെ ഔട്ട്ലെറ്റ് അടച്ചതോടെ വെള്ളം ഒഴുക്കിക്കളയാനുള്ള മാർഗ്ഗം കണ്ടെത്താൻ സാധിച്ചിട്ടില്ല. എം.എൽ.എ.-യുടെ നേതൃത്വത്തിൽ പ്രാദേശികമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. ഇവിടെ ഉന്നയിച്ച റോഡുകളുടെ നവീകരണം റണ്ണിംഗ് കോൺട്രാക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നുണ്ട്. ഓവർ ലേ പ്രവൃത്തികൾ

ആവശ്യമായി വരുന്ന റോഡുകളുടെ കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

## IV അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

2. സാമാന്യമായി പൊതുതാൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക

(തുടർ ചർച്ച)

ശ്രീ. എൻ. ഷംസുദ്ദീൻ: സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരുന്ന മൗലാനാ ആസാദ് സ്കോളർഷിപ്പ്, പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവ പുനരാരംഭിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്നാണ് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്. സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും മൈനോറിറ്റി കോച്ചിംഗ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുമുള്ള നടപടികൾ

സ്വീകരിക്കണം. മൈനോറിറ്റി ഭവന നിർമ്മാണ പദ്ധതിയും കുടിവെള്ള പദ്ധതിയും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സജീവ് ജോസഫ്: പ്രമേയത്തെ അനുകൂലിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന കേന്ദ്രനിലപാട് പ്രതിഷേധാർഹമാണ്. ഒന്ന് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് പുനഃസ്ഥാപിക്കുന്നതിനും എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി/മൈനോറിറ്റി ക്വാട്ടകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ഡോ. കെ. ടി. ജലീൽ: പ്രമേയത്തിന്റെ ആദ്യഭാഗത്തോട് പൂർണ്ണമായി യോജിക്കുന്നതോടൊപ്പം രണ്ടാം ഭാഗത്തോട് വിയോജിക്കുന്നു. ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങളുമായാണ് കേരളം മുന്നോട്ടുപോകുന്നത്. ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചതും ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾ ആരംഭിച്ചതും അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് ആരംഭിച്ചതും ഇടതുപക്ഷ സർക്കാരിന്റെ കാലത്താണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി പ്രൊഫ.

ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ് എന്നിവ ഏർപ്പെടുത്തുകയും പ്രീ-മാരിറ്റൽ കൗൺസലിംഗ് സെന്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: പ്രമേയത്തെ അനുകൂലിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന കേന്ദ്രനിലപാട് അപലപനീയമാണ്. സമയബന്ധിതമായി സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനും പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതിനും നടപടി സ്വീകരിക്കണം. നിർത്തലാക്കിയ സ്കോളർഷിപ്പ് പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. വഖഫ് ബോർഡിന്റെ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ പ്രതിമാസ പെൻഷനുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ് പ്രമേയത്തിലുള്ളത്. ന്യൂനപക്ഷ ക്ഷേമപ്രവർത്തനങ്ങളിൽ മാതൃകാപരമായ നിലപാടുകളാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളത്. അപേക്ഷകളുടെ ലഭ്യതക്കുറവുകൊണ്ടാണ് സ്കോളർഷിപ്പ് പദ്ധതികൾക്കനുവദിച്ച തുക

പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത്. സ്കോളർഷിപ്പ് തുകകൾ അതത് അക്കാദമിക വർഷം തന്നെ വിതരണം ചെയ്യുന്നുണ്ട്. ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾക്കായി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കാനും ജില്ലാകേന്ദ്രങ്ങളിൽ ന്യൂനപക്ഷ ഫിനാൻസ് കോർപ്പറേഷന്റെ ബ്രാഞ്ചുകൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ നിർത്തലാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പ് സംസ്ഥാന സർക്കാർ പുനരാരംഭിക്കുന്നതാണ്. ഈ വർഷം മുതൽ അത് നടപ്പിലാക്കുന്നതാണ്. മൗലാനാ ആസാദ് സ്കോളർഷിപ്പ് പുനരാരംഭിക്കുന്നതിന് കേന്ദ്രന്യൂനപക്ഷ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. ക്രൈസ്തവ ന്യൂനപക്ഷ പിന്നാക്കവിഭാഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്കോളർഷിപ്പ് പോർട്ടൽ മുഖേനയാണ് ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 20,073 വിദ്യാർത്ഥികൾക്കായി 19.5 കോടി രൂപ അനുവദിച്ചു. സ്കോളർഷിപ്പ് വിതരണത്തിൽ യാതൊരു അവഗണനയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ പ്രമേയം അംഗീകരിക്കേണ്ടതില്ല.

പ്രമേയം സഭ നിരാകരിച്ചു.

## (2) ഭക്ഷ്യ പൊതുവിതരണ മേഖലയിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിക്കുക

ശ്രീമതി കാനത്തിൽ ജമീല: "സംസ്ഥാനത്തിന് അർഹതപ്പെട്ട ഭക്ഷ്യധാന്യവിഹിതവും മണ്ണെണ്ണയും അനുവദിക്കാതെയും ഭക്ഷ്യധാന്യ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കാതെയും ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡറിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം പങ്കെടുക്കുവാൻ സാധിക്കുന്ന വിധത്തിൽ സപ്ലൈകോ അടക്കമുള്ള സർക്കാർ ഏജൻസികൾക്ക് വിലക്കേർപ്പെടുത്തിയും പൊതുജനങ്ങൾക്ക് ദോഷകരമായ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച് പൊതുവിതരണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ തുടർന്നുവരുന്നു. സംസ്ഥാനത്തെ ജനങ്ങളോടുള്ള വിവേചനപരമായ തീരുമാനങ്ങൾ പിൻവലിക്കണമെന്നും അർഹതപ്പെട്ട അവശ്യ ഉൽപന്നങ്ങൾ വെട്ടിക്കുറവ് വരുത്താതെയും കാലവിളംബം കൂടാതെയും സംസ്ഥാനത്തിന് അനുവദിക്കണമെന്നും നിരവധി തവണ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇത്തരത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് ശ്രമങ്ങൾ നടക്കുമ്പോഴും പൊതുവിതരണം ഒരു പരിധിവരെ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടു

പോകുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ട് ഇക്കാര്യത്തിലും സംസ്ഥാന സർക്കാർ ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റി വരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിനതീതമായി കേന്ദ്രസർക്കാർ പുലർത്തുന്ന വിവേചനപരമായ തീരുമാനങ്ങൾ സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുന്ന സാഹചര്യം സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തോടുള്ള വിവേചനം അവസാനിപ്പിച്ച് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറവില്ലാതെ അനുവദിക്കണമെന്നും ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്നും ഒ.എം.എസ്. സ്കീമിൽ സർക്കാർ ഏജൻസികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് പിൻവലിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.' ' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീമതി ദെലീമ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീമതി കാനത്തിൽ ജമീല</u>: ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതിലൂടെയാണ് സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായത്തിന്റെ പതനം ആരംഭിച്ചത്. സംസ്ഥാനത്തിന് പ്രതിവർഷം അനുവദിക്കേണ്ട ഭക്ഷ്യധാന്യങ്ങളുടെ അളവിൽ 2 ലക്ഷം മെട്രിക് ടണ്ണിന്റെ

കുറവാണ് കേന്ദ്രം വരുത്തിയിട്ടുള്ളത്. ടൈഡ് ഓവർ വിഹിതം നിർത്തലാക്കിയതിലൂടെ 57% വരുന്ന മുൻഗണനേതര വിഭാഗക്കാർക്കുള്ള റേഷൻ വിതരണം പ്രതിസന്ധിയിലായിരിക്കുകയാണ്. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും പ്രളയകാലത്ത് അനുവദിച്ച അരിക്ക് പണം നൽകണമെന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടറിൽ സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം പങ്കെടുക്കാനുള്ള അവസരമൊരുക്കുകയും സപ്ലൈകോ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾക്ക് വിലക്കേർപ്പെടുത്തുകയും ചെയ്യുതിലൂടെ ഭക്ഷ്യ പൊതുവിതരണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കാനാണ് കേന്ദ്രം ശ്രമിക്കുന്നത്. ഒ.എം.എസ്.സ്കീമിൽ സർക്കാർ ഏജൻസികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് പിൻവലിക്കണം. റേഷൻ വിതരണത്തിനായി 912 കോടി രൂപ ഒരു വർഷം സംസ്ഥാനം ചെലവഴിക്കുമ്പോൾ 86 കോടി രൂപ മാത്രമാണ് കേന്ദ്ര വിഹിതമായി അനുവദിക്കുന്നത്. കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഭേദഗതി നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിച്ചില്ല.)

<u>ശ്രീ. ഐ. ബി. സതീഷ്:</u> പ്രമേയത്തെ അനുകൂലിക്കുന്നു. രാഷ്ട്രീയ കാരണങ്ങളാൽ സംസ്ഥാനത്തെ സാമ്പത്തികമായി ദുർബലപ്പെടുത്തി ജനങ്ങളെ പട്ടിണിക്കിരയാക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാനത്തിന് പ്രതിവർഷം അനുവദിക്കേണ്ട ഭക്ഷ്യധാന്യങ്ങളുടെ അളവിൽ 2 ലക്ഷം മെട്രിക് ടണ്ണിന്റെ കുറവാണ് വരുത്തിയിട്ടുള്ളത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതിലൂടെ റേഷൻ വിതരണ സമ്പ്രദായത്തിൽനിന്ന് പുറത്താക്കപ്പെട്ട 57% ജനവിഭാഗത്തിന് നാമമാത്രമായെങ്കിലും അരി വിതരണം നടത്തുന്നത് കേന്ദ്രം അനുവദിച്ചുവരുന്ന ടൈഡ് ഓവർ അരി വിഹിതത്തിൽനിന്നാണ്. അതിനാൽ ടൈഡ് ഓവർ അരി വിഹിതം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. മത്സ്യബന്ധനത്തിനായി നൽകിവരുന്ന മണ്ണെണ്ണ 2024-25 സാമ്പത്തിക വർഷത്തിൽ 3120 കിലോ ലിറ്ററാക്കി വെട്ടിക്കുറക്കുന്നതിനുള്ള നീക്കം ഉപേക്ഷിക്കണം. രാഷ്ട്രീയ കാരണങ്ങളാൽ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ദുർബലപ്പെടുത്തുന്ന കേന്ദ്ര സമീപനത്തെ

അതിജീവിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ പ്രതിപക്ഷം തയ്യാറാകണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സംസ്ഥാനത്തിന്റെ അരിവിഹിതം വെട്ടിക്കുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടിക്കെതിരെ ശക്തമായി പ്രതികരിക്കണം. ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നശേഷമാണ് രാജ്യത്തെ പട്ടിണിപാവങ്ങൾക്ക് ഭക്ഷണം സുലഭമായി കിട്ടുന്ന സാഹചര്യമുണ്ടായത്. സംസ്ഥാനത്തെ റേഷൻകടകളിലെ ഇ-പോസ് മെഷീനുകൾ സ്ഥിരമായി കേടാകുന്നതുമൂലം റേഷൻ ലഭിക്കാത്ത സാഹചര്യമുണ്ട്. മത്സ്യത്തൊഴിലാളികൾക്കും ആദിവാസി വിഭാഗങ്ങൾക്കും മണ്ണെണ്ണ വിഹിതം ലഭിക്കുന്നില്ല. റേഷൻ കൃത്യമായി വിതരണം ചെയ്യുന്നതിനും കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: പ്രമേയത്തെ അനുകൂലിക്കുന്നു. ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽനിന്നും നേരിട്ട് നെല്ല് സംഭരിക്കാനും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഉയർന്ന താങ്ങുവിലയുടെ ആനുകൂല്യം നെൽകർഷകർക്ക് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. നെൽകൃഷി വ്യാപിപ്പിക്കാനാവശ്യമായ പ്രോത്സാഹനം നൽകണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): പ്രമേയത്തിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതം നിഷേധിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരെ യോജിച്ച നിലപാട് സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. എൻ.എഫ്.എസ്.എ. നടപ്പാക്കിയതോടെ സംസ്ഥാനത്തിന്റെ മൊത്തം അരിവിഹിതത്തിൽ രണ്ട് ലക്ഷം മെട്രിക് ടണ്ണിന്റെ കുറവുണ്ടാകുകയും 57 ശതമാനം റേഷൻ കാർഡുടമകളുടെ അരിവിഹിതം പരിമിതപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ മാസം ഇതുവരെ 59.1% കാർഡുടമകൾ റേഷൻകടകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസത്തെ റേഷൻ വിതരണം അഞ്ച് ദിവസംകൂടി നീട്ടിനൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇടത്തട്ടുകാർ മുഖേന നെല്ല് സംഭരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇതര സംസ്ഥാനങ്ങളെക്കാൾ കൂടിയ വിലയ്ക്കാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്നത്. ഭക്ഷ്യധാന്യത്തിന്റെ വാർഷിക വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് ഉത്സവ സീസണുകളിലും പ്രകൃതിക്ഷോഭമുണ്ടാകുന്ന ഘട്ടത്തിലും കൂടുതൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ അനുമതി നൽകണമെന്ന

സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരാകരിച്ചിരിക്കുകയാണ്. ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിക്കുക, മുൻഗണനാ കാർഡുകളുടെ പരിധി ഉയർത്തുക, ഒ.എം.എസ്. സ്കീമിലുള്ള വിലക്ക് പിൻവലിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് പ്രധാനമന്ത്രിക്കും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രി കത്തയയ്ക്കുകയും കേന്ദ്ര പൊതുവിതരണം, പെട്രോളിയം വകുപ്പുമന്ത്രിമാരെ വകുപ്പുമന്ത്രി നേരിൽക്കണ്ട് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നടത്തിയ ഇടപെടലുകൾ ഫലം കാണുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ പ്രമേയം അംഗീകരിക്കാനാവില്ല.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (3) തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുക

ശ്രീ. സനീഷ് കുമാർ ജോസഫ്: "മികച്ച ചികിത്സ നൽകുന്ന ആശുപത്രികളേറെയുണ്ടെങ്കിലും ഗവേഷണ സ്ഥാപനമില്ലാത്തത് സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ പരിമിതിയാണ്. ഹൃദ്രോഗ ഗവേഷണം നടത്തുന്ന തിരുവനന്തപുരത്തെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് മാത്രമാണ് അങ്ങനെയുള്ള ഏക സ്ഥാപനം. പ്രമേഹരോഗികളിൽ രാജ്യത്ത് മുന്നിൽ, സ്ത്രീകളിലെ തൈറോയ്ഡ് കാൻസറിൽ രണ്ടാമത് എന്നിങ്ങനെയാണ് കേരളത്തിന്റെ സ്ഥിതി. നിപ്പ, സിക്ക അടക്കം

ലോകത്ത് മറ്റിടങ്ങളിലുള്ള രോഗങ്ങളെല്ലാം ഇവിടെയും റിപ്പോർട്ട് ചെയ്യാറുണ്ട്. ഈ സാഹചര്യത്തിൽ എയിംസ് വന്നാൽ ഗുണമേന്മയുള്ള വിദഗ്ധ ചികിത്സയും വൈറോളജിയിലും രോഗങ്ങളിലും ഗവേഷണവും, വിദഗ്ധ ഡോക്ടർമാരും ലോകോത്തര ചികിത്സാ സൗകര്യങ്ങളും ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനവും കേരളത്തിന് ലഭിക്കും. ആരോഗ്യ മേഖലയിലെ കുതിപ്പിന് കേരളത്തിന് എയിംസ് അത്യന്താപേക്ഷിതമാണ്.

റോഡും കുടിവെള്ളവുമുള്ള 200 ഏക്കർ ഭൂമി നൽകിയാൽ എയിംസ് അനുവദിക്കാമെന്ന് 2014-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതാണ്. കേരളത്തിന് എയിംസ് അനുവദിക്കുക എന്നത് ഏറെ നാളായുള്ള ആവശ്യമാണ്. ഉചിതമായ സ്ഥലം ശിപാർശ ചെയ്യാത്തതാണ് എയിംസ് അനുവദിക്കുന്നതിന് തടസ്സമായി കേന്ദ്ര സർക്കാർ ചൂണ്ടിക്കാട്ടുന്നത്.

എയിംസ് സ്ഥാപിക്കുവാൻ സംസ്ഥാനത്ത് ഏറ്റവും അനുയോജ്യമായ പ്രദേശം തൃശ്ശൂർ ജില്ലയിലെ കൊരട്ടിയാണ്. കേരളത്തിന്റെ മധ്യഭാഗത്തായി ദേശീയപാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് കൊരട്ടി. പൂട്ടിപ്പോയ കേന്ദ്ര ഗവ. പ്രസ്, വൈഗൈ ത്രെഡ്സ്, തിരുമുടിക്കുന്ന ത്വക്ക് രോഗാശുപത്രിയുടെ 100 ഏക്കർ ഉൾപ്പെടെ ഏതാണ്ട് 258 ഏക്കർ ഭൂമി

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുണ്ട്. സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂമി ഏറ്റെടുക്കാതെ സർക്കാർ ഭൂമിയിൽതന്നെ എയിംസ് നിർമ്മിക്കുവാൻ കഴിയും. കൊരട്ടി റെയിൽവേ സ്റ്റേഷനിൽ നിന്ന് അര കി.മീ. ദൂരം, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 15 കി.മീ. ദൂരം, ചാലക്കുടി പുഴ അടക്കമുള്ള നിരവധി അനുകൂല ഘടകങ്ങളുമുണ്ട്.

ഈ പശ്ചാത്തലത്തിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കുവാൻ സത്വര നടപടിയുണ്ടാകണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സനീഷ് കുമാർ ജോസഫ്: 2025-ഓടുകൂടി 24 എയിംസുകൾ പ്രവർത്തനസജ്ജമാകുമെന്നും കേരളം ഉൾപ്പെടെയുള്ള ആറ് സംസ്ഥാനങ്ങളിൽ എയിംസ് സ്ഥാപിക്കാൻ തയ്യാറാണെന്നും കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യ മേഖലയിലെ കുതിപ്പിന് സംസ്ഥാനത്ത് എയിംസ് അത്യന്താപേക്ഷിതമാണ്. ഗുണമേന്മയുള്ള വിദഗ്ധ ചികിത്സയും വൈറോളജിയിലും രോഗങ്ങളിലും ഗവേഷണവും, വിദഗ്ധ ഡോക്ടർമാരും ലോകോത്തര ചികിത്സാ സൗകര്യങ്ങളും

ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനവും എയിംസിലൂടെ ലഭിക്കുന്നതാണ്. സംസ്ഥാന സർക്കാർ ഉചിതമായ സ്ഥലം ശിപാർശ ചെയ്യാത്തത് എയിംസ് അനുവദിക്കുന്നതിനുള്ള തടസ്സമായി കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടുന്ന സാഹചര്യത്തിൽ ഗതാഗത സൗകര്യമുള്ളതും കുടിവെള്ള ലഭ്യതയുള്ളതും 200 ഏക്കർ സർക്കാർ ഭൂമി ലഭ്യവുമായ കൊരട്ടിയിൽ എയിംസ് സ്ഥാപിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: പ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് സ്ഥലലഭ്യത ഉറപ്പാക്കി എയിംസ് സ്ഥാപിക്കാൻ സാധിച്ചാൽ ജനങ്ങൾക്കും മെഡിക്കൽ ഗവേഷണ വിദ്യാർത്ഥികൾക്കും അനുഗ്രഹമായിരിക്കും. കേരളത്തിൽ എയിംസ് സ്ഥാപിക്കണമെന്നത് പൊതുവികാരമായി മാറണം.

ശ്രീ. കെ. എം. സച്ചിൻദേവ്: കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ വ്യവസായ എസ്റ്റേറ്റ് ഉൾപ്പെടുന്ന പ്രദേശത്ത് എയിംസ് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ഭൂമിയേറ്റെടുക്കലിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ എയിംസ് സ്ഥാപിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാനത്ത് എയിംസ് അനുവദിക്കണമെന്ന

പൊതുവികാരത്തോട് അനുഭാവപൂർവ്വമായ സമീപനമാണ് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. ഉചിതമായ സ്ഥലം നൽകാത്തതുകൊണ്ടാണ് എയിംസ് അനുവദിക്കാത്തതെന്നുള്ള പ്രമേയാവതാരകന്റെ വാദം തികച്ചും അടിസ്ഥാനരഹിതമാണ്. മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ യോഗം വിളിച്ചുചേർക്കുകയും എയിംസ് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കെ.എസ്.ഐ.ഡി.സി.- യുടെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഏറ്റെടുത്ത് ആരോഗ്യ വകുപ്പിന് കൈമാറാൻ തീരുമാനിക്കുകയും ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുകയും സാമൂഹിക ആഘാത പഠനം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനം നിർദ്ദേശിച്ച സ്ഥലത്ത് എയിംസ് സ്ഥാപിക്കുന്നതിന് ആരോഗ്യ മന്ത്രാലയത്തിന് തടസ്സങ്ങളൊന്നുമില്ലെന്നും അനുമതിക്കായി ധനമന്ത്രാലയത്തിന് അയച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറ്റൊരു സ്ഥലത്തിനായുള്ള പ്രമേയം ഉചിതമാകാത്തതിനാൽ ഈ പ്രമേയം അംഗീകരിക്കാനാവില്ല.

## (4) കേന്ദ്ര വന്യജീവി നിയമം കാലോചിതമായി പരിഷ്കരിക്കുക

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: “ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ ഒരു വിഷയമാണ് വന്യജീവി ആക്രമണവും മനുഷ്യ-വന്യജീവി സംഘർഷവും. കേരള സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം മൂന്നിലൊന്നും വനമേഖലയാണ്. എന്നാൽ ഈ വനമേഖലയ്ക്കുള്ളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും ഏറെ അധികരിച്ചിരിക്കുന്ന വന്യജീവികളുടെ എണ്ണപ്പെരുക്കം. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ പൂർണ്ണമായ പരിരക്ഷ ഉള്ളതിനാൽ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും വന്യജീവി ആക്രമണത്തിൽ നിന്ന് പ്രതിരോധം സൃഷ്ടിക്കുന്നതിനുപോലും ഇന്ന് ഒട്ടേറെ പരിമിതികൾ ഉണ്ട്. ഈ സാഹചര്യത്തിൽ 1972-ലെ കേന്ദ്ര വന്യജീവി നിയമം ഭേദഗതി ചെയ്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുകയും വന്യജീവി ഉപദ്രവങ്ങൾക്ക് അറുതി വരുത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി വന്യജീവി നിയമത്തിന്റെ സംരക്ഷണ വ്യവസ്ഥകൾ വനത്തിനുള്ളിൽ മാത്രമാക്കി പരിമിതപ്പെടുത്തിക്കൊണ്ടും വനാതിർത്തിയിൽനിന്നും പുറത്തിറങ്ങി മനുഷ്യജീവനും സ്വത്തിനും അപകടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ ഏതൊരാൾക്കും അധികാരം ലഭ്യമാകുന്ന

ഷൂട്ട് അറ്റ് സൈറ്റ് വ്യവസ്ഥയും, അതോടൊപ്പം വന്യജീവികളുടെ അമിതമായ എണ്ണപ്പെരുക്കം നിയന്ത്രിക്കുന്നതിന് നിർദ്ദിഷ്ട കാലയളവുകളിൽ Culling നടപ്പിലാക്കുക, അതേപോലെതന്നെ കൃത്രിമ ജനന നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിച്ച് ക്രമാതീതമായി വന്യമൃഗങ്ങൾ പെരുകുന്നത് തടയുന്നതിനുമടക്കമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി മനുഷ്യജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്താൻ 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമം കാലോചിതമായി ഭേദഗതിചെയ്ത് പരിഷ്കരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ പ്രമേയത്തിലൂടെ ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു."

ശ്രീ. എം. വിജിൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: 14.02.2024-ന് ഇതേ വിഷയത്തിൽ ഒരു ഔദ്യോഗികപ്രമേയം ഈ സഭ പാസ്സാക്കിയിട്ടുണ്ട്. കേരളത്തിന്റെ സവിശേഷമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട് കൃത്യമായ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമേയമാണിത്. കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ സംസ്ഥാനത്തുണ്ടായ 55000-ത്തിലധികം വന്യജീവി ആക്രമണങ്ങളിൽ ആയിരത്തോളം പേർക്കാണ് ജീവഹാനി സംഭവിച്ചിട്ടുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽമാത്രം വന്യജീവി

ആക്രമണത്തിൽ നൂറോളമാളുകൾ കൊല്ലപ്പെടുകയും 1500-ഓളം പേർക്ക് പരിക്കേൽക്കുകയും 70 കോടി രൂപയുടെ കൃഷി നാശമുണ്ടാകുകയും ചെയ്തിട്ടുണ്ട്. വന്യമൃഗ ആക്രമണങ്ങൾ തടയുന്നതിനുവേണ്ടി അവലംബിക്കുന്ന മാർഗ്ഗങ്ങളൊന്നും ഫലപ്രദമാകാത്തതിനാൽ നിയമഭേദഗതിയിലൂടെ മറ്റിതര മാർഗ്ഗങ്ങൾ അവലംബിക്കാൻ തയ്യാറാകണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

*****